ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. †

(സി) വിവരം ശേഖരിച്ചു വരുന്നു.

കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി അനുവദിച്ച പലിശരഹിത വായ്പ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി പരിവർത്തനം ചെയ്യൽ

53 (642) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിര-മൂകരായ കുട്ടികളുടെ കേൾവി, സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി അനുവദിച്ച പലിശരഹിത വായ്പ, മെഡിക്കൽ റീഇംബേഴ്സ്മെന്റായി പരിവർത്തനം നടത്തി അനുവദിക്കുന്നതിന് പ്രത്യേക അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങളും ഇതുവരെ സ്വീകരിച്ച നടപടികളും വെളിപ്പെടുത്താമോ ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യ ഡയറക്ടറേറ്റിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ ; ആയത് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) കോക്ലിയർ ഇംപ്ലാന്റേഷൻ സംബന്ധിച്ച് റിപ്പോർട്ട് ധനവകുപ്പ് ആവശ്യപ്പെട്ടിരുന്നോ ; പ്രസ്തുത റിപ്പോർട്ട് ധനവകുപ്പിന് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഡി) സർക്കാർ ജീവനക്കാരുടെ വായ്പ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി പരിവർത്തനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പലിശരഹിത വായ്പ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി പരിവർത്തനം ചെയ്യണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പഠനംനടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചുവെങ്കിലും അത് അപര്യാപ്തമായതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ധനകാര്യവകുപ്പിന് നൽകിയിട്ടില്ല. അത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് സർജറിക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുവാൻ കഴിയുകയില്ല.

മുട്ടാർ ഗ്രാമപഞ്ചായത്തിലെ സിദ്ധ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

54 (643) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടാർ ഗ്രാമപഞ്ചായത്തിൽ സിദ്ധ ആശുപത്രി കെട്ടിടത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) കൂട്ടനാട് നിയോജകമണ്ഡലത്തിൽ പുതിയ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്

55 (644) ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചെങ്കിലും നിരവധിപേർ സ്വകാര്യപ്രാക്ടീസ് നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly